e- mail - gssbsukc@yahoo.co.in Phone: 0471-2192810, 2192846

# State Banks' Staff Union (Kerala Circle)

(Affiliated to All India State Bank of India Staff Federation)
Reg. No. 01-36-2000

Circular No.45/25
To All Unit Secretaries

State Bank of India
Local Head Office
Poojappura
Thiruvananthapuram-695 012

Date: 01.05.2025

## മെയ് ദിനാശംസകൾ

ഒരു സർവ്വരാജ്യ തൊഴിലാളി ദിനം കൂടി കടന്നു വരുന്നു.

എട്ടുമണിക്കൂർ ജോലി എട്ടു മണിക്കൂർ വിശ്രമം എട്ടു മണിക്കൂർ വിനോദം എന്ന മാനുഷിക അവകാശമാണ് മെയ് ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നത്. എന്നാൽ, തൊഴിൽ സമയം മുതലാളിമാരുടെ ഇഷ്ടാനുസരണം വർദ്ധിപ്പിക്കുന്നതിനുള്ള നിയമനിർമ്മാണങ്ങൾ നടന്നു വരുന്ന നാളുകളിലാണ് ഇത്തവണ മെയ്ദിനം വരുന്നത്.

ലോകമാകമാനം അരക്ഷിതാവസ്ഥ കൂടി വരികയാണ്. സമാധാനം എന്നത് ഒരപ്രാപ്യ ലക്ഷ്യമെന്ന പോലെ നമുക്ക് മുന്നിൽ നിൽക്കുന്നു. കാശ്മീർ താഴ്‌വരയെ വീണ്ടും കലുഷിതമാക്കിക്കൊണ്ട് തീവ്രവാദ ആക്രമണത്തിന്റെ ഭീതി പരത്തുന്നു. റഷ്യയും ഉക്രെയിനും തമ്മിലുള്ള യുദ്ധത്തിന് ഇനിയും അവസാനമായിട്ടില്ല. പാലസ്തീൻ ലോകമനസാക്ഷിക്കുമുമ്പിൽ ഒരു കണ്ണീർ കണമായി തുടരുന്നു. നിരപരാധികളും, കുട്ടികളും സ്ത്രീകളും ഇരകളാക്കപ്പെടുന്നു. ആയുധക്കച്ചവടക്കാരുടെ ആർത്തിയിൽ ലോകം ഭീതിദമായ അവസ്ഥയിലേക്ക് കടക്കുന്നു.

തൊഴിൽ ചൂഷണങ്ങൾ അനുദിനം വർദ്ധിക്കുന്നു. അതിന് ഉതകുന്ന തൊഴിൽ നിയമ ഭേദഗതികൾ അടിച്ചേൽപ്പിക്കപ്പെടുന്നു. സ്ഥിരം തൊഴിൽ എന്നത് പുതുതലമുറയ്ക്ക് സ്വപ്നം കാണാൻ പോലും കഴിയാതെ ആയിരിക്കുന്നു. ഇന്ത്യൻ റെയിൽവേ, ബാങ്കുകൾ തുടങ്ങി സൈനിക മേഖലയിൽ വരെ നിരവധി ഒഴിവുകൾ ഉണ്ടാകുമ്പോഴും നാമമാത്രമായ നിയമനങ്ങൾ മാത്രമാണ് നടക്കുന്നത്. നിലവിലെ തൊഴിൽശക്തിയെ ചൂഷണം ചെയ്തും, അവകാശങ്ങൾ നിഷേധിച്ചുമാണ് ഇത്തരം ഒഴിവുകൾ മൂലമുള്ള പോരായ്മകൾ മറച്ചുവയ്ക്കാൻ ശ്രമിക്കുന്നത്. തൊഴിൽ സമ്മർദ്ദങ്ങൾ അധ്വാനിക്കുന്നവർക്ക് മാനുഷിക പരിഗണന പോലും നിഷേധിക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നു.

ശക്തമായ പ്രതിഷേധങ്ങളും പ്രതിരോധങ്ങളും ഉയർത്തിക്കൊണ്ടുവരിക എന്നതാണ് നമുക്ക് മുന്നിലുള്ള ഏക വഴി. അസംഘടിത മേഖലകളിലെ സംഘടനാ സ്വാധീനം വർദ്ധിച്ചു വരുന്നത് പ്രതീക്ഷ പകരുന്നു. തൊഴിലാളി –ബഹുജന ഐക്യത്തിലൂടെ മാത്രമേ ഒരു മാറ്റം സാധ്യമാകൂ. പുതിയ സമരമുഖങ്ങൾ തുറക്കുന്ന മുന്നേറ്റങ്ങൾക്ക് ഈ മെയ്ദിനത്തിൽ തുടക്കമാകട്ടെയെന്ന് ആശംസിക്കുന്നു.

സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയന്റെ മുഴുവൻ പ്രവർത്തകർക്കും മെയ്ദിനാശംസകൾ.

(അഖിൽ എസ്)
ജനറൽ സെക്രട്ടറി